പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം
കെ. എ. പി -3 സിവിൽ പോലീസ് ഓഫീസർ നിയമനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 126. 02/03/2020-ൽ മറുപടിക്ക്

ചോദ്യം
ശ്രീമതി പി. അയിഷാ പോറ്റി

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ)	നിലവിലെ കെ. എ. പി.-3 പത്തനംതിട്ട ബറ്റാലിയനിലേക്കുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും ഇനി എത്ര ഉദ്യോഗാർത്ഥികൾക്ക് കൂടി നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;	(എ)	കെ.എ.പി.-3 പത്തനംതിട്ട ബറ്റാലിയനിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും ഇനി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാനാകും എന്ന് മുൻകൂട്ടി പറയാൻ കഴിയില്ല. റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതാണ്
(ബി)	പ്രസ്തുത തസ്തികയിലേക്ക് നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിരുന്നു; നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ?	(ബി)	പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ 581 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ ടി തസ്തികയിലേക്ക് ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ